(ബി&സി) നദീതീര സംരക്ഷണം, നദീതീര വനവത്ക്കരണം, വെള്ളപ്പൊക്കനിവാരണം, ജലസംഭരണം കൃഷിക്കാവശ്യമായ വെള്ളമെത്തിക്കൽ, മാലിന്യം പുഴയിൽ തള്ളുന്നത് തടയാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ വേലി നിർമ്മിക്കൽ, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, പൊതുജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആശുപത്രി മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ഉപ്പുവെള്ളം കയറുന്നത് പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ജലസേചന പദ്ധതികളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളെ സംരക്ഷിക്കുന്നതിനായി യഥാക്രമം 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സമഗ്രമായ ജലവിഭവ പഠനം നടത്തി മറ്റ് നദികളിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

റിവർ ബേസിൻ അതോറിറ്റി രൂപീകരണം

123 (6828) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;

(സി) എന്തൊക്കെ കാര്യങ്ങളിലാണ് അതോറിറ്റിക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നദീതട ബോർഡുകളും തണ്ണീർത്തട വികസന ബോർഡുകളും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാലാവസ്ഥ, ജലശാസ്ത്രം, ജലഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള വസ്തുതകൾ നിരീക്ഷിക്കുകയും നദീതടങ്ങളുടെ സമഗ്ര

LIBRARY ARCHIVES Kerala Legislative Assembly

പരിപാലനത്തിനാവശ്യമായ ഡാറ്റാബാങ്ക് സൂക്ഷിക്കുകയും സാമ്പത്തിക-സാമൂഹിക-സാമ്പത്തിക-പരിസ്ഥിതി ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക തുടങ്ങി ബില്ലിന്റെ 7 എഫ് വണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ സംഗതികൾക്കുമായാണ് നദീതട ബോർഡുകൾ രൂപീകരിക്കാനുദ്ദേശിച്ചിട്ടുള്ളത്. നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും അപ്പക്സ് ബോഡിയായിട്ടാണ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) കാസി ജുഡീഷ്യൽ അധികാരങ്ങളൊന്നും പ്രസ്തുത ബില്ലിൽ പരാമർശിക്കുന്നില്ല.

(ഡി) 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 184-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മഴവെള്ള സംഭരണികൾ

124 (6829) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിർമ്മിക്കുന്ന വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണികൾ നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) എത്ര വിസ്തീർണ്ണംവരെ ഉള്ള കെട്ടിടങ്ങൾക്കും വീടുകൾക്കുമാണ് മഴവെള്ള സംഭരണികൾ നിർബന്ധമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പഴയ കെട്ടിടങ്ങൾക്കുകൂടി ധനസഹായം നൽകി മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 101-ലും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 109 എ-യിലും ചേർത്തിട്ടുണ്ട്. ഓരോ മേഞ്ഞ കെട്ടിടങ്ങൾക്കും ഏക കുടുംബ വാസഗൃഹ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ മൊത്തം തറവിസ്തീർണ്ണം 150 Sq.mts വരെയും അവയുടെ കെട്ടിട ഭൂമിയുടെ മൊത്ത വിസ്തീർണ്ണം 320 Sq.mts വരെയുമാകുന്നവയ്ക്കും മഴവെള്ള സംഭരണ സംവിധാനങ്ങൾ നിർബന്ധമല്ല.

LIBRARY ARCHIVES Kerala Legislative Assembly